# MANNUR KRISHNA A.U.P. SCHOOL KADALUNDI

# ACADEMIC MASTER PLAN 2025-26

മേഖല യു.പി: സാമൂഹ്യ ശാസ്ത്രം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന-തല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | വിജ്ഞാനവേദി - പ്രവർത്തന ലോകം. സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രശ്നോത്തരികൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം. (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| മധ്യകാല ഇന്ത്യയിലെ രാജവംശങ്ങളുടെ ഭരണസംവിധാനത്തിന്റെ താരതമ്യ പഠനത്തിലൂടെ മനസ്സിലാക്കുന്നു, രാഷ്ട്രീയ സ്ഥിരത, ഭരണസം-വിധാനം, സാംസ്കാരിക സമ്പ്രദായം എന്നിവയെ കുറിച്ച് നിരവധി | നമ്മുടെ നാൾവഴികൾ - ചരിത്ര വീഥികൾ. മധ്യകാല ഇന്ത്യയിലെ ചക്രവർത്തിമാരുടെ ഭരണരീതി, സാമൂഹിക സാമ്പത്തിക സ്ഥിതി, സാമ്പത്തിക പ്രവർത്തനം, എന്നിവയെക്കുറിച്ച് കൂടുതൽ അറിവ് പകരാൻ കഴിയുന്ന വിവിധ പ്രവർത്തനങ്ങൾ | അക്കാദമിക വർഷാരംഭം. (ജൂൺ). | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| | അവർ രൂപീകരിക്കുന്നതിനും, പഠിതാക്കൾക്ക് ചരിത്രാവബോധം ഉണ്ടാക്കി വളർത്തിയെടുക്കുവാനും. ഊന്നൽ നൽകുന്നു. | സംഘടിപ്പിക്കുന്നു [Role Play, ടിവെപ്പ് ഇൻ്റ്, അക്റ്റിവിറ്റി കാർഡുകൾ, വർക്ക്ഷീറ്റുകൾ]. മുതലായവ | | |
| 3. | പഠിതാക്കളിൽ ചരിത്ര സ്മാരകങ്ങളുടെ പ്രാധാന്യം, ചരിത്രാവബോധം എന്നിവ ഉണ്ടാക്കിയെടുക്കുക. | Virtual Field Trip:<br>ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം.<br>Field Trip<br>കുട്ടികളിൽ ചരിത്രപഠനത്തോടുള്ള താൽപര്യം വർധിപ്പിക്കുവാനും, ചരിത്രപരമായ അറിവുകൾ അവർക്ക് കൂടുതൽ ലഭ്യമാക്കുവാനും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുക | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4 | ഭൂപ്രകൃതി, നദികൾ, മണ്ണ്, കാലാവസ്ഥ, പർവ്വതങ്ങൾ, വിവിധ ഭൂരൂപങ്ങൾ എന്നിവയെ കുറിച്ചുള്ള അടിസ്ഥാന അറിവുകൾ, ആശയങ്ങൾ എന്നിവ പരിചയിക്കാൻ, നേടിയെടുക്കാൻ. | ഓർമ്മച്ചെപ്പ്<br>അന്താർദേശീയ തലം മുതൽ, ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, പർവ്വതങ്ങൾ, ഭൂരൂപങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് വെബ്ബറി ടെസ്റ്റ് നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5 | കാർഷിക വൃത്തി, കൃഷിയുടെ ആരംഭം, കൃഷി മനുഷ്യജീവിതത്തിൽ ചെലുത്തിയ സ്വാധീനം എന്നിവയെ കുറിച്ച് കുട്ടികളിൽ ധാരണകൾ ഉണ്ടാക്കിയെടുക്കുക.<br>→ കുടുംബശ്രീയും ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളും കുട്ടികളിലെത്തിക്കൽ | മണ്ണിനെ അറിയാം പഠിക്കാം<br>കർഷകരെ പരിചയപ്പെടൽ, അഭിമുഖം., വിവിധ കൃഷിരീതികൾ പരിചയപ്പെടൽ.<br>സ്ഥലത്തെ പ്രധാന കർഷകരുമായി സംവദിക്കാൻ കുട്ടികൾക്ക് അവസരമൊരുക്കുന്നു.<br>ICT സാധ്യത പ്രയോജനപ്പെടുത്തി കൃഷിയുടെ ആരംഭം, ഹാരപ്പ, മെസൊപ്പൊട്ടേമിയ എന്നിവയുടെ പ്രദർശനത്തിലൂടെ<br>Album, Chart, ചർച്ച, കുറിപ്പ് തയ്യാറാക്കൽ<br>- കുടുംബശ്രീ അംഗങ്ങളുമായി ചോദ്യോത്തര [illegible]. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | |
|---|---|---|---|
| | തൊഴിലും ജീവിതവും | | |
| 6. സമൂഹത്തിൽ നില നിൽക്കുന്ന വിവിധ തരം തൊഴിലുകൾ തിരിച്ചറിഞ്ഞ് അവയുടെ പ്രത്യേകതകൾ അനുസരിച്ച് വിശകലനം ചെയ്ത് ഏതൊരു തൊഴിലിന്റെ മൂല്യം തിരിച്ചറിയാനും, സ്വയം തൊഴിൽ പ്രവർത്തനങ്ങളുടെ പ്രധാന്യം മനസ്സിലാക്കാനും പഠിതാവിനെ സഹായിക്കുന്നു. | → സമൂഹത്തിലെ അറിയുന്ന വിവിധ തരം തൊഴിലുകൾ ചെയ്യുന്ന വരുമായി സംവദിക്കാനും, അവരുടെ ജീവിത സാഹചര്യങ്ങൾ മനസിലാക്കാനും കുട്ടിക്കുള്ള അവസരം<br>→ പരമ്പരാഗത തൊഴിലിൽ ഏർപ്പെടുന്നവരുമായി ഒരു ചോദ്യോത്തരം ഒരുക്കി. | അക്കാദമിക വർഷാന്തം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 7 ജനാധിപത്യ പരമായ ജീവിത ശൈലി രൂപപ്പെടുത്തുക.<br>→ ഇന്ത്യയിലെ അധികാര വികേന്ദ്രീകരണത്തിന്റെ ചരിത്രം, അധികാര വികേന്ദ്രീകരണം നടപ്പിൽ വരുത്തുന്നതിനായി രൂപീകരിക്കപ്പെട്ട വിവിധ കമ്മിറ്റികൾ, പ്രധാന ഭരണഘടനാ ഭേദഗതികൾ | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭരണഘടന മനസ്സിലാക്കുന്നതിനും ജനാധിപത്യ ഭരണ സംവിധാനത്തിൽ കാര്യക്ഷമമായി ഇടപെടുന്നതിന് | വിദ്യാലയത്തിൽ നിന്ന് അസംബ്ലിയിലേക്ക്<br>→ ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു.<br>→ മാതൃകാ ക്ലാസ് സഭ സംഘടിപ്പിക്കൽ.<br>→ അധികാര വികേന്ദ്രീകരണം— സവിശേഷതകൾ ചർച്ച ചെയ്യാൻ പാനൽ ചർച്ച. | അക്കാദമിക വർഷത്തിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 8 ഭരണഘടനയുടെ പ്രത്യേകത, പ്രധാന ഭേദഗതികൾ, ബാലാവകാശ നിയമം, മനുഷ്യാവകാശങ്ങൾ, പോക്സോ ആക്ട് 2012 എന്നിവയെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ ഉണർത്താൻ. | അറിയാം, പഠിക്കാം ഭരണഘടന.<br>→ ബാലാവകാശനിയമം, പോക്സോ നിയമം എന്നിവയെക്കുറിച്ചുള്ള ക്ലാസുകൾ, സമൂഹത്തിൽ ഇത്തരം ക്ലാസുകൾ കൈകാര്യം ചെയ്യുന്ന വ്യക്തികളിൽ നിന്നും കുട്ടികൾക്ക് ലഭ്യമാക്കൽ. | | | |

| | | | | |
|---|---|---|---|---|
| | | → ലഹരിവസ്തു നിർമ്മാർജ്ജനം, ലഹരി ഉപയോഗം അകറ്റി നിർത്തുന്നതിനായി വിശ്വാസപ്പെടുത്ത്.. പ്രത്യേകം ക്ലാസുകൾ സംഘടിപ്പിക്കൽ. | അജ്ഞാദവിത വർഷങ്ങളെ തടം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| 8.<br>9. | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി കൈകാര്യം ചെയ്യാൻ അതിനെ [illegible] പരിശീലനം ബോധവാന്മാരാക്കുന്നു. | വന്യജീവി ക്ലബ്ബ് : പരിസ്ഥിതി ക്ലബ്ബിൻ.<br>പ്രകൃതിദുരന്തങ്ങൾ : ബോധവൽക്കരണം.<br><br>→ ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ദൃശ്യങ്ങളായ വീഡിയോ ചിത്രങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും കൈകാര്യം ചെയ്യുന്നതിന് [illegible] ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അജ്ഞാദവിത വർഷാതടം. | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 10 സഹജീവികളോട് സഹഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **കരുണയുടെ കൈകൾ.** പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ, എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ ആശ്വാസം പകരുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 11. ഭൂമിശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തുന്ന ആധുനിക സങ്കേതങ്ങൾ നിരീക്ഷിച്ച് വിശദീകരിക്കുകയും അനുയോജ്യമായ സന്ദർഭങ്ങളിൽ പ്രയോഗവത്കരിക്കുകയും ചെയ്യുന്നതിന്. | **ഭൂമിയെ അറിയാൻ : ചുറ്റുപാടുകൾ** ഇന്റർനെറ്റിന്റെ സഹായത്തോടുകൂടി, ഡിജിറ്റൽ മാപ്പ് ഉപയോഗിച്ച് ചരിത്രസ്മാരകങ്ങൾ, അവയുടെ സ്ഥാനം, എത്തിച്ചേരുന്ന വഴി എന്നിവ കുട്ടികൾക്ക് വ്യക്തമായി കാണിക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| 12 | → വിദൂരസംവേദന സാധ്യതകൾ പരിചയപ്പെടുത്തുന്നതിന് | → കാലാവസ്ഥ, കാർഷികമേഖല, പ്രകൃതി വിഭവങ്ങൾ, വരൾച്ച, വെള്ളപ്പൊക്കം മുതലായവയെ സംബന്ധിച്ച വിദൂര സംവേദനത്തിലൂടെ വിവരങ്ങൾ ശേഖരിക്കുന്നത് വ്യക്തമാക്കുന്ന വീഡിയോ ചിത്രങ്ങൾ എന്നിവ ഇന്റർനെറ്റിന്റെ സഹായത്തോടെ ക്ലാസിൽ പ്രദർശനം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 12. | വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും കുട്ടികൾ പ്രവർത്തനങ്ങളെ കുറിച്ചും, റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | <u>ചിലന്തിവലയിൽ നിന്ന് കുതിച്ചു ചാടാം</u><br>സാമൂഹ്യശാസ്ത്ര ക്ലബിന്റെ നേതൃത്വത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും, രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നി | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നു. | <u>പുതു ചക്രവാളത്തിലേക്ക്</u><br>സിവിൽ സർവീസ് പരീക്ഷക്കായി പുനാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്നു, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉപകരണങ്ങൾ, വിവിധതരത്തിലുള്ള ചോദ്യോത്തര വേദികൾ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | കാടെവിടെ മക്കളേ ?<br>(Field Trip, Survey)<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇട | | | |

| | | | | | |
|---|---|---|---|---|---|
| | | പൈതൃകങ്ങൾക്ക് കാരണ വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, നെല്ലിൻ തടങ്ങൾ, ജലാശയങ്ങൾ കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | | | |
| | | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | • ശാസ്ത്രതത്ത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | വർഷത്തിൽ 4 തവണ ജൂൺ- മാർച്ച് വരെ | | |
| | *. സ്കൂൾ തല സയൻസ് exhibition. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | P T A |
| | *. ഗവേഷണാത്മക പ്രോജക്ട് ഉൾപ്പെടുത്തിയുള്ള പഠനം (സർവ്വെ, അഭിമുഖം, നിരീക്ഷണം) | ആവശ്യമുള്ള സന്ദർഭങ്ങളിൽ | | |
| ശാസ്ത്രലാബ് നവീകരണം | • സയൻസ് ലാബിലേക്ക് ആവശ്യമായ സാമഗ്രികൾ സജ്ജീകരിക്കൽ | ജൂൺ മാസം | ശാസ്ത്ര അധ്യാപകർ | |

| SN | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്ത് |
| --- | --- | --- | --- | --- | --- |
| 3. | ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | • കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കുറിപ്പുകൾ എന്നിവ ചേർത്ത് ശാസ്ത്രപതിപ്പ് മാസിക എന്നിവ തയ്യാറാക്കുന്നു. | വർഷത്തിൽ 2 തവണ | ശാസ്ത്ര അധ്യാപകരും, വിദ്യാർത്ഥികളും | |
| 4. | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ | * സോപ്പ് നിർമ്മാണം<br>* എമർജൻസി ലാമ്പ് നിർമ്മാണം | ജൂലൈ<br>സെപ്റ്റംബർ | ശാസ്ത്ര അധ്യാപകർ വിദ്യാർത്ഥികൾ | |
| 5. | ഫീൽഡ് ട്രിപ്പ് | . കണ്ടൽക്കാട് നിരീക്ഷണം | ജനുവരി | സയൻസ് ക്ലബ്ബ് | |

| SN | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 6 | സയൻസ് ബുള്ളറ്റിൻ ബോർഡ് . | • ശാസ്ത്രവാർത്തകൾ ഉൾപ്പെടുത്തി ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് ക്ലബ്ബ്. | |
| 7. | വെർട്ടിക്കൽ ഫാർമിങ്ങ് | • സ്കൂൾ കെട്ടിടത്തിന്റെ പിൻവശത്ത് വെർട്ടിക്കൽ ഫാർമിംഗ് ആരംഭിക്കുന്നു. | ജൂൺ 5 | അധ്യാപകർ, കുട്ടികൾ. | |

# മേഖല : യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വർദ്ധിപ്പിക്കാനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു. (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) | ജൂൺ | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദ-വാക്യ നിർമാണം. | ജൂൺ | | |
| 2. പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പ് വരുത്തുക | **വാർത്താ ലോകത്തേക്ക്**<br>പാഠം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ കുട്ടികൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വരുത്തുകയും ചെയ്യുന്നു. | എല്ലാദിവസവും. | | |

| | | | | |
|---|---|---|---|---|
| | | | | |
| | വാർത്താവായന<br>ഓരോദിവസവും അസംബ്ലിയിൽ പത്രവാർത്ത നടത്തുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | എല്ലാദിവസവും | മലയാളം ക്ലബ് | മലയാളം ക്ലബ് |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ്മത്സരം നടത്തുന്നു. | പ്രതിമാസം | " | |
| 3. സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ. | സംവാദം/മുഖാമുഖം.<br>സാഹിത്യകാരൻമാർ, എഴുത്തുകാർ, കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | ത്രൈവർഷം | മലയാളം അധ്യാപകർ | പി.ടി.എ |
| | മുഴുവൻ കുട്ടികളുടേയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം. | | മലയാളം ക്ലബ്. |

| | | | |
|---|---|---|---|
| 4. കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കാൻ. | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ ഇടങ്ങിയവ അവതരിപ്പിക്കാൻ അവസരം. വിദഗ്ധരായ നാടക കലാകാരൻമാരെയും മറ്റ് കലാകാരൻമാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക വർഷം | പി.ടി.എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മേഖല - ഹിന്ദി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും അടിസ്ഥാന ശേഷി കുറവ്. | • ഹിന്ദി ഗ്രന്ഥശാല സ്ഥാപിക്കുക.<br>• വായന കാർഡ് നിർമ്മാണം<br>• ഹിന്ദി ദിനാചരണങ്ങൾ<br>• ഹിന്ദി അസംബ്ലി<br>• ഹിന്ദി വാർത്ത വായന | 1 വർഷം | 10000 | സ്കൂൾ |
| ഹിന്ദി എഴുത്ത് മെച്ചപ്പെടുത്താൻ | ഹിന്ദി സാഹിത്യകാരന്മാരുടെ പേര് ചിത്രം ആൽബത്തിൽ എഴുതുക. | 6 മാസം | 5000 | S.S.A |
| പദ പരിചയം | 5-ാം ക്ലാസിൽ കാർഡ് നിർമ്മാണം, അക്ഷരക്കളി | 3 മാസം | 1000 | - |
| ഹിന്ദി ഭാഷയോട് താൽപര്യക്കുറവ്. | ഹിന്ദിയിൽ ലഭ്യമായ കാർട്ടൂൺ, കഥകൾ, സിനിമ എന്നിവയുടെ പ്രദർശനം. | 1 വർഷം | - | - |

# Academic Master plan - English

| Aim | Activities | Month | Responsible Person | Economics aspe |
|---|---|---|---|---|
| To encourage Listening and speaking<br>Introduce different generes (fiction, non-fiction, poetry)<br>Enhance vocabulary.<br>Enhance listening skills. | Interactive story telling sessions, discussing themes, characters and plots to enhance listening skills.<br>Group discussion and role play to improve speaking skills.<br>Vocabulary games and excercises to build word knowledge. | June | English Teachers | English club |
| o encourage reading.<br>evelop basic reading, writting, listening, and speaking kills. | Interactive reading circles:<br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels. | | | |
| ultivate effective communiation skills for various ontexts. | Eeach group reads the assigned text together and discusses key elements like plot, characters, and themes.<br>After discussion, each group presents a summary or analysis of their assigned text to the class. | July | | |

| Aim | Activities | month | Responsible Person | Economic Source |
| --- | --- | --- | --- | --- |
| | Guided reading sessions with comprehension questions. Listening comprehension exeercises using audio stories.<br>Debate and presentation for Advanced Speaking practice<br>Expanding voccabulary with context clues from passage | August - December | English Teacher | English club. |
| To develop writing skills<br>Introduce a grammatical concepts such as parts of speech, tenses, and sentence structure<br>To develop basic grammer rules.<br>Focus on sentence structure, punctuations, and grammar | - Improve sentense structure<br>- practice for simple creative writing tasks like descriptive paragraphs, short stories and simple poetry.<br>project and research assignments for foster critical thinking.<br>Focus on developing paragraph an essays.<br>Preparing and delivering speeches.<br>Listening to and analysing different media sources. | January February. | | |

| Aim | Activities | Month | Responsible person | Economic Source |
|---|---|---|---|---|
| xpand vocabulary through eading and interactive ctivities. ntroduce different types f writing narrative, escriptive, persuasive, etc | Interactive grammer games. Structure grammer games and lessons with exampes and practice excercises. work sheet on parts of speech, punctuations and sentence type. | | | |
| anguage Games, puzzles nd Activities | Intergate language games and activities to reinforce vocabulary, grammar and language skills in an engaging way. For example, play word associated games, charades, or vocabulary bingo to practice ~~to~~ new words and concept. To create their own poems, stories, dictionary etc and present it to the class. | | | |

# യു.പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരുക്കൾ, ഫ്ലാഷ് കാർഡ്, .... ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിൽ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് ഗണിത ക്ലബ്ബ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ക്ലബ്ബിലെ അംഗങ്ങളും | |
| 3) ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | |
| 4) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ, ദശാംശം, തുടങ്ങിയ പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗിച്ച് കുട്ടികളിലേക്ക് എത്തിക്കാൻ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
| --- | --- | --- | --- | --- |
| 5) ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്**<br>ഗണിതത്തിലെ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും | |
| 6) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG. | |

## സംസ്കൃതം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

### ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. വീട് ഒരു പരീക്ഷണശാല.<br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക.] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. വായനാലോകം.<br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| 6. <u>ആസ്വാദന ലോകം .</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| 7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ . | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| 8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് . | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# യു.പി അറബിക്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം |
| --- | --- | --- | --- |
| 5,6,7 ക്ലാസ്സുകളിൽ എഴുത്ത് വായന ഉറപ്പിക്കൽ. | അറബി· കഥാ പുസ്തകങ്ങൾ വായനാ കാർഡ് etc. നൽകൽ, വായിപ്പിക്കൽ എഴുത്ത് പ്രയാസമുള്ളവരെക്കൊണ്ട് നോട്ട് ബുക്കിൽ അറബി ടെസ്റ്റ് ബുക്ക് നോക്കി എഴുതിച്ചും പാഠഭാഗ വിവരണം എഴുതി വരാൻ പറയൽ. | ജൂൺ – മാർച്ച് | ടീച്ചർ. |
| അറബിക് ലൈബ്രറി | വായനാശീലം മെച്ചപ്പെടുത്തൽ. കുട്ടികളിൽ വായനാശീലം മെച്ചപ്പെടുത്താനും, ഭാഷാ പഠനം എളുപ്പമാക്കാനും സഹായകമാകുന്നതിന് വേണ്ടി വായനാ കാർഡുകളും, അറബിക് കഥാ പുസ്തകങ്ങളും ശേഖരിച്ചു ഉപയോഗിക്കാൻ. | ജൂൺ – മാർച്ച് | |
| അറബിക് പദസമ്പത്ത് വർദ്ധിപ്പിക്കുക. | "One day one word", എന്ന രീതിയിൽ ഓരോ കുട്ടിയെ കൊണ്ടും ഒരു ദിവസം ഒരു പദം കണ്ടെത്തി വരാൻ ആവശ്യപ്പെടുകയും, അത് ബോർഡിൽ എഴുതി മറ്റു കുട്ടികളിലേക്ക് എത്തിക്കുകയും, മാസത്തിൽ ഒരിക്കലോ, അല്ലെങ്കിൽ 15 ദിവസത്തിൽ | ജൂലൈ – ഫെബ്രുവരി മാർച്ച്. | |

| | | | |
|---|---|---|---|
| അറബി സംസാരിക്കൽ. | ദിരിക്കലോ ആയിട്ട് ആ വാക്കുകൾ കൊണ്ട് ഉത്തരം നടത്തുകയോ, ക്ലാസിൽ പദപ്പയറ്റ് നടത്തുകയോ ചെയ്യുക.<br>ക്ലാസുകളിൽ അറബിക് പദങ്ങൾ കൂടുതൽ ഉപയോഗിക്കൽ, പൊതുവായി ഉപയോഗിക്കുന്ന ചെറിയ വാക്കുകളെ അറബിയിൽ തന്നെ ഉപയോഗിക്കാൻ ശീലിപ്പിക്കൽ. | ജൂൺ<br>\|<br>മാർച്ച്. | |

# Mannur Krishna AUPS
# Academic Masterplan
# 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

### ഗണിതം

ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ
- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ
- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ആഗസ്റ്റ്
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ
- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ
- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനവരി

- ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്ന് മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി ഇരട്ടി എന്നിവ തിരിച്ചറിയുന്നു.

Mannur Krishna A.U.P. School,

Kadalundi

# Academic Master plan

## English

Class. I

# Academic Master plan

Class - I 2025-2026

English.

## Introduction

The goal is for the first grader to handle English fluently. The first grader must go from small word to big word. Must be able to read, write and speak English with it. No child should be able to speak English fluently like malayalam. We have to keep our world language English, close to our hearts.

The Academic master plan is designed to ensure that not a single child goes illiterate or illiterate

- - -

## Aim - Objectives

### Learning Outcomes.

* Simple words, simple sentence, add more lines, description make sure these are in the childrens.
* Responds to simple instructions in the classroom.

  Ex: May I come in teacher
* Describes orally about pictures and objects using adjectives.

  (colour, size, shape, etc)
* Enjoys songs and sings them with rhythm and action.
* To speak, read and write English without any Mistakes.

## Aim

Simple words, Simple sentence to speak, read and write make sure these are in the childrens.

# Action Plan - Activities.

## June

* Simple words introducing.
* Gives a familiar picture card.
  (Bus, Hen, Car, Cow)

## July

* Says the familiar words.
* Writing familiar words
* Reading familiar words

## August

* Enjoys songs and sing them with rhythm and action
* Describe orally about picture and objects using adjectives.
* (colour, shape small, big, etc)

## September

* Reads and writes simple words and simple-sentence.

  Ex: Bus, A bus, A blue bus
* Provides picture card and reading cards.

October.

* Introduces a simple picture description.
* word chain, sentence chain make words.
* Riddles making.
* Describing words, rhyming words etc text book activities.
* My growing book is being prepared.

November

* My small description book is being prepared.
* Preparing reading card.
* The class room provides more opportunities to read, write and speak in english.
* Writes 5 English words daily.

December.

* My picture dictionary is being prepared.
* My growing book is being prepared.
* Simple instructions in the classroom.
* Encourages digital reading in the class room every day.

January.

* Enjoys songs and sings them with rhythm and action.
* 'My Amazing book' is being prepared.
* Animals and vehicles - collect pictures.
* Animals and their sound - Collection

February

* Provides the opportunity to express "my self" in the classroom, in the CPTA, Assembly and Padanolsavam.
* Provides an opportunity to speak fluenty and without fear.

March.

* English speaks fluently.
* Read and write simple sentence.
* Picture reading, picture descripting can tell you how to read and write.
* my growing book, my picture dictionary reading card, my magic book - Exhibition

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

മലയാളം

മലയാളം.

Class. 1

വിഷയം :- മലയാളം

പ്രവർത്തന വിശദാംശങ്ങൾ

1. വായനോത്സവം.

വായനോത്സവത്തിന്റെ ഭാഗമായി സംയുക്ത വായനയിൽ തുടങ്ങി ബാലസാഹിത്യ കൃതികളുടെ വായനയിൽ അവസാനിക്കുന്ന പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാറ്റുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം.

ഉപലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിൽ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തക ശേഖരം ഉണ്ടാക്കുക.
* രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളിയാക്കുക.
* എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക.
* ആശയ ഗ്രഹണ വായന, ആസ്വാദ്യ വായന എന്നിവ പ്രോത്സാഹിപ്പിക്കുക.
* കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതുസമൂഹവുമായി പങ്കിടുക.

## പ്രവർത്തന ഘട്ടങ്ങൾ

### ജൂൺ

1. ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ (ഒന്നാം ക്ലാസുകാരുടെ നിലവാരത്തിന് യോജിച്ചവ)
2. ക്ലാസ് പി.ടി.എ കൂടുന്നു.
   * കുട്ടിയും രക്ഷിതാവും ചേർന്നുള്ള വായന പരിചയപ്പെടുത്തൽ.
3. അമ്മ വായിച്ചു കേൾപ്പിച്ച കഥ ക്ലാസിൽ പറയുന്നു.

### ജൂലൈ

1. കഥാപുസ്തകം നൽകുന്നു. കുട്ടി ഊഹിച്ച് കഥ പറയുന്നു.
2. അമ്മ കഥ വായിക്കുന്നു. ബാക്കി കഥാസന്ദർഭം ചിത്രം നോക്കി കുട്ടി ഊഹിച്ച് പറയുന്നു.
3. അമ്മയുടെ ചേർച്ച ഇല്ലാതെ കുട്ടി കഥ അവതരിപ്പിക്കുന്നു.
4. സംയുക്ത ഡയറി ആരംഭിക്കുന്നു.

### ആഗസ്റ്റ്

1. കഥോത്സവം
2. രക്ഷിതാവിന്റെ നേതൃത്വത്തിൽ കഥാപുസ്തകങ്ങൾ വായിച്ചു കേട്ട കുട്ടി അവ ക്ലാസിൽ പങ്കിടുന്ന പ്രവർത്തനം.

### സെപ്റ്റംബർ

1. പുസ്തകം നോക്കി കുട്ടി തനിയെ വായിക്കാൻ ശ്രമിക്കുന്നു. അമ്മയുടെ സഹായത്തോടെ വായിക്കുന്നു.
2. ക്ലാസ് പി.ടി.എ യിൽ പുസ്തക വായന പുസ്തകാവതരണം എന്നിവ നടത്തുന്നു.

ഒക്ടോബർ

1. കഥയുടെ ആശയം കുട്ടി തന്നെ വായിച്ച് പറയുന്നു.
2. ക്ലാസ് പി.ടി.എ യിൽ പുസ്തകം പരിചയപ്പെടുത്തി കുട്ടി കഥ വായിക്കുന്നു.

നവംബർ

1. അക്ഷരസ്ഫുടതയോടെ കുട്ടികൾ വായിക്കുന്നു
2. കൃത്യമായ ഭാവം ഉൾക്കൊണ്ട് വായിക്കുന്നു.

ഡിസംബർ

1. ചിത്രം കാണിച്ചും ചെറു ചോദ്യങ്ങൾ നൽകിയും ചെറിയ കഥകൾ കുട്ടികളിൽ നിന്നും രൂപപ്പെടുത്തിയെടുക്കുന്നു.
2. സങ്കല്പിച്ച് കാര്യങ്ങൾ പറയാനുള്ള ശേഷി ഉണ്ടാക്കിയെടുക്കാൻ ചിത്രങ്ങളും കഥകളുടെ ഭാഗങ്ങളും ഉപയോഗിക്കുന്നു.

ജനുവരി

1. സ്വന്തം രചനയ്ക്കുള്ള സന്ദർഭങ്ങൾ ഒരുക്കുന്നു.
2. ചെറുനാടകങ്ങൾ പാഠഭാഗത്തുനിന്നും രൂപപ്പെടുത്തിയെടുക്കുന്നു. ഈ പ്രവർത്തനത്തിൽ കുട്ടികളും അധ്യാപകരും ഒരുപോലെ പങ്കെടുക്കണം. ഉണ്ടാക്കിയെടുത്ത നാടകം ഡോക്യുമെന്റ് ചെയ്ത ശേഷമോ നേരിട്ടോ പ്രദർശിപ്പിക്കുന്നു.

ഫെബ്രുവരി.

1. മികച്ച ഡയറികൾ തിരഞ്ഞെടുക്കുന്നു.
2. തിരഞ്ഞെടുത്ത ഡയറിക്കുറിപ്പുകൾ ചേർത്തുവച്ച് പതിപ്പ് തയ്യാറാക്കുന്നു. പതിപ്പിലേക്ക് ആവശ്യമായ ചിത്രങ്ങൾ കുട്ടികൾ തന്നെ തയ്യാറാക്കുന്നു.
3. പതിപ്പ് പ്രകാശനം ചെയ്യുന്നു.

മാർച്ച്

1. വീട്ടിലെ ലൈബ്രറിയിലേക്ക് കുട്ടികൾ പുസ്തകങ്ങൾ വാങ്ങുന്നു.
2. ചെറുനോവലും നടത്തിയ ശേഷം ലഭിച്ച ഉൽപ്പന്നങ്ങൾ ചേർത്തു വച്ച് പതിപ്പ് തയ്യാറാക്കി പ്രകാശനം ചെയ്യുന്നു.

# Academic Master plan Class-2

English

Aim: To speak, Read and write English without any mistakes.

Time: June, July, August

June

Pretest

To develop listening skills and reading skills

Games, Action songs, Hello English activities, conversations, skit, stories

Use ICT

Speaking skills

Descriptions, growing sentences, picture reading, picture description, self introduction Assembly activities, speech, book review, quiz, riddles, self introduction, school radio etc.

July and August

Reading skills

News paper reading, library book reading book review, reading breaking news, find words, collect and read Past tense,

rhyming words, describing words etc

Text book activities.

writing skills

Make word web, picture description, word chain, sentence chain, make words, and sentences make riddles, conversations Add more lines, develop story, description, notice proclamation, diary, letter announcement, magazines.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം Std 2

ആമുഖം

ഗണിതപഠനം രസകരവും, ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ട് കൊണ്ട് തന്നെയാണ് 'ഉല്ലാസ ഗണിതം' പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും നേടിയെടുക്കേണ്ടവ നേടിയെ- ത്ത് പരമാവധി നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട് വയ്ക്കുന്നത്.

പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം പ്രശ്നാപഗ്രഥനം എന്നിങ്ങ- നെയുള്ള ശേഷി ഉറപ്പാക്കൽ.
* സംഖ്യാ ബോധവും, ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
* ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.

* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എഴുതുന്നു.
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തി ചേരൽ
* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്താൽ

മുന്നൊരുക്കം

* ഗണിതാശയങ്ങളിൽ കൂടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

ആശയം

* സംഖ്യാബോധം കണ്ടെത്തൽ
* ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാകാൻ.

ജൂലൈ

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ
* പത്തിന്റെയും, ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

ആഗസ്റ്റ്

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

സെപ്റ്റംബർ

* വില വിവര പട്ടിക തയ്യാറാക്കൽ
* ക്ലാസിലൊരു കട, ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

ഒക്ടോബർ

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
* സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ

നവംബർ

* സ്ഥാനവില തിരിച്ചറിയൽ
* നോട്ടുകളും, നാണയങ്ങളും, തിരിച്ചറിയൽ കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ

ഡിസംബർ

* സംഖ്യാബോധം തിരിച്ചറിവിൽ, സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ് നിർമാണം.
* രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

വില വിവരപ്പട്ടിക തയ്യാറാക്കൽ
പട്ടികപ്പെടുത്തൽ
സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതപഠനം. കളി രീതികളിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

മാർച്ച്

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ
* കലണ്ടർ സംഖ്യ, ബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ.
* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം

Class : II

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം എന്നതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം)

## മുന്നൊരുക്കം

* പ്രീ ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ ~~AAP~~ CPTA നടത്തി

എല്ലാ മാസവും പിന്നോക്ക കുട്ടിക്ക് അവസരമുണ്ടാക്കുന്നു
ലഭ്യമാക്കുന്നതിനുള്ള

## പ്രവർത്തന ലക്ഷ്യം

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ

എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ

* ചിത്ര കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനാ സാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

* ക്ലാസ് ലൈബ്രറി പ്രവർത്തന ക്ഷമമാക്കൽ.
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* വീട്ടു ലൈബ്രറി ഒരുക്കൽ
* ചിത്ര വിവരണം.
* വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങളുണ്ടാക്കൽ
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

ഒക്ടോബർ

* കേട്ടതോ, വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.
* വിവിധ രചനകളിലൂടെ പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

ഉദാ
ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം കൊടുക്കുന്നു.

ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും, എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
* ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പു വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസര ഒരുക്കൽ.

മാർച്ച്

പ്രോത്സാഹിപ്പിക്കൽ.
* വ്യക്തിഗത രചനയെ ഓരോ കുട്ടിയും തയ്യാറാക്കൽ.
* ഇൻലന്റ് മാഗസിൻ ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത്
* ഓരോ കുട്ടികളും ഓരോ
മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
അമ്മ വായന,
* വീട്ടു വായന, കൂട്ടു വായന, പ്രോത്സാഹിപ്പിക്കൽ.
ചിത്ര വായന ഇവയെ
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

ക്ലാസ് : 3

# - മലയാളം - അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപിക | പി.ടി.എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | | |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപിക | അധ്യാപിക |
| | അമ്മ വായന<br>അമ്മമാരുടെ വായനക്കുറിപ്പുകൾ | അധ്യയന വർഷം മുഴുവൻ | | ഇല്ല |
| | വായനാ കാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | പി.ടി.എ. |
| ലേഖനം<br>വിവിധ വ്യവഹാര രൂപങ്ങൾ തിരിച്ചറിയാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക.<br>- അക്ഷരം തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ. വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാകി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപിക | |

## - ഗണിതം - അക്കാദമിക് മാസ്റ്റർപ്ലാൻ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു. | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപിക | പി.ടി.എ |
| | ഈർക്കിലുകൾ, മുത്തുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു | ജൂൺ - ജൂലൈ | അധ്യാപിക | ഇല്ല. |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാഠങ്ങൾ | ഓഗസ്റ്റ് | അധ്യാപിക | ഇല്ല. |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാട്ടുകൾ (ഗണിതപ്പാട്ട്) | ഓഗസ്റ്റ് | അധ്യാപിക | സി.പി.ടി.എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപിക | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾ കുട്ടികളെ പ്രാപ്തരാക്കുക. | • മനഃക്കണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ- നവംബർ | അധ്യാപിക കുട്ടികൾ | ഇല്ല. |
| ഗുണന വസ്തുതകൾ നേടൽ | • മനഃക്കണക്കുകൾ<br>• മഞ്ചാടിക്കളി | ഡിസംബർ- ജനുവരി | അധ്യാപിക കുട്ടികൾ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ഐ.സി.ടി വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി- മാർച്ച് | അധ്യാപിക കുട്ടികൾ | ഇല്ല. |

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 അധ്യാപകദിനം<br>പഴയകാല അധ്യാപകരുമായി<br>അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധിജയന്തി<br>കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽദിനം<br>കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി ദിനം<br>പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരി-പ്പിക്കൽ | അധ്യയനവർഷം മുഴുവൻ | | ഉണ്ട്. |
| | | | | |

അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് 3 2024 - 2025

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - പ്രദേശം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം | ജൂൺ - ജൂലൈ | അധ്യാപകർ | ഇല്ല. |
| പ്രകൃതി സംരക്ഷണം | • മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകർ<br>• പി ടി എ<br>• ഹരിതകർമസേന - പി ടി എ | പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം, ശുചിത്വ സന്ദേശങ്ങൾ, വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ - ഒക്ടോബർ | • ജെ ആർ സി യൂണിറ്റ്<br>• അധ്യാപകർ<br>• കുട്ടികൾ | പിടിഎ<br>ഇല്ല. |

| | | | | |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു കുറിപ്പ് തയ്യാറാക്കൽ | നവംബർ - ഡിസംബർ | അധ്യാപകർ | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ - വൈവിധ്യ പാർക്ക് തടയണ , മഴ പരിസ്ഥിതി സംരക്ഷണം | ഡിസംബർ - ജനുവരി | അധ്യാപകർ | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താത്പര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം, പരീക്ഷണം വീട്ടിലൊരുക്കും ശാസ്ത്ര മാസികകൾ | ജനുവരി - മാർച്ച് | | |

ACADEMIC MASTER PLAN - CLASS 3 2024 - 2025

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| • To Study alphabets | • Pre - test<br>• Write Simple Words. | June - July | Teacher, Students | PTA |
| • To Write, Study and read Simple Words | Circle the Words from TB and read. | August - September | Teacher, Students. | |
| • Create more opportunities for English Speaking in the class room | • Classroom Communication Should be in English like May I drink some water ? May I go to bathroom ?<br>• Hello<br>• Hello everyone<br>• Good morning everyone<br>• How are you ?<br>• How are you all ?<br>• Let me take attendence etc. | Academic year | Teacher, Students Parents. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

Class. 4.

ലക്ഷ്യം - നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടേയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ -

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാംസ്കാരികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക

## ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം |
|---|---|---|---|
| • ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും സംസാരിക്കുവാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | • ആഴ്ചയിൽ ഒരു ദിവസം അസംബ്ലി ചേരൽ ( മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | ക്ലാസ് ടീച്ചർ | വർഷം മുഴുവൻ |
| ഡയറി<br>• തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | • നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിയിൽ എഴുതൽ | ആഴ്ചയിൽ രണ്ട് ദിവസം ക്ലാസ് ടീച്ചർ | ആഴ്ചയിൽ രണ്ട് ദിവസം. |
| തിയേറ്റർ<br>സർഗ്ഗാത്മകതാ പരിപോഷണം | • ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളായി<br>•Skit<br>•Drama<br>•Conversation.<br>•Story telling<br>അവതരിപ്പിക്കൽ | ക്ലാസ്ടീച്ചർ | മാസത്തിൽ ഒന്ന്. |
| മാഗസിൻ<br>സർഗ്ഗാത്മകതാ ശേഷി - രചനാ ശേഷി വികസനം | • മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാഗസിൻ തയ്യാറാക്കൽ | ക്ലാസ് ടീച്ചർ | മൂന്ന് മാസത്തിലൊരിക്കൽ |

| | | | |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി ഒത്തിടപാട് | ക്ലാസ് ടീച്ചർ | മാസത്തിൽ ഒന്ന്. |
| ഇംഗ്ലീഷ് കോർണർ - വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ<br>വായനാക്കുറിപ്പ്<br>പുസ്തക പരിചയം | ക്ലാസ് ടീച്ചർ | മാസത്തിൽ ഒന്ന്. |
| ഇംഗ്ലീഷ് ഫെസ്റ്റ് | വായനാ മത്സരം<br>രചനാ മത്സരം<br>സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | ഇംഗ്ലീഷ് ക്ലബ് | |

[redacted]

## പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര [illegible]<br>പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | [illegible],<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

അക്കാദമിക മാസ്റ്റർ പ്ലാൻ

ഗണിതം -ക്ലാസ് 4

(1,2 യൂണിറ്റുകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

---------------------------------

നിത്യജീവിതത്തിൽ ഗണിത പഠനത്തിന്റെ പ്രാധാന്യം വർധിച്ചു വരികയാണ് . ഗണിതത്തെ പ്രായോഗിക ജീവിതവുമായി ബന്ധപ്പെടുത്തി രസകരമായി അവതരിപ്പിച്ചാൽ നിർദ്ദിഷ്ട പഠനനേട്ടങ്ങൾ കൈവരിക്കാം

ലക്ഷ്യങ്ങൾ

***************

⭐ അടിസ്ഥാന ചതുഷ് ക്രിയകൾ ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

⭐ നാലാം ക്ലാസിൽ ഊന്നൽ നൽകിയ ഗണിതശേഷികൾ എല്ലാവരും നേടിയെന്ന് ഉറപ്പുവരുത്തുക .

⭐ നിത്യജീവിതത്തിലെ ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടികളെ കഴിവുള്ളവരാക്കുക

⭐ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള ഗണിത പഠനത്തിന് അവസരം നൽകുക

⭐ യുക്തിചിന്ത വളർത്തൽ

⭐ ഗണിത പഠനം ആസ്വാദ്യകരമാക്കൽ

ചുമതല -ക്ലാസ് ടീച്ചർ

പ്രവർത്തനങ്ങൾ

| Sl.no | പ്രവർത്തനം | വിശദാംശം | സമയം | റിമാർക്സ് |
|---|---|---|---|---|
| 1. | ഗണിത കിറ്റ് | ⭐ എല്ലാ കുട്ടികളും രക്ഷിതാക്കളുടെ സഹായത്തോടെ വളപ്പൊട്ടുകൾ , 1,10,100 വീതം വരുന്ന ഈർക്കിൽ കമ്പുകെട്ടുകൾ , സംഖ്യാകാർഡുകൾ , സോഡാ മൂടികൾ , | ജൂൺ മുതൽ ജൂലായ് വരെ | |

| | | | | |
|---|---|---|---|---|
| | | പുളിങ്കുരു, വിവിധ രൂപങ്ങൾ , കളിനോട്ടുകൾ , പൊട്ടുകൾ , ആവശ്യമില്ലാത്ത പേനകൾ എന്നിവ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കൽ . | | |
| 2 | പ്രീ ടെസ്റ്റ് | ⭐ കൈവരിച്ച ഗണിത ശേഷികളുടെ അടിസ്ഥാനത്തിൽ കുട്ടികളെ വിലയിരുത്തൽ. കൂടുതൽ പിന്തുണ ആവശ്യമായവരെ കണ്ടെത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ | ജൂൺ 3 to 5 | വിലയിരുത്തലും - രക്ഷിതാക്കളെ ബോധ്യപ്പെടുത്തലും |
| 3. | ജ്യാമിതിച്ചന്തം | ⭐ ചുറ്റുപാടുമുള്ള ത്രിമാനരൂപങ്ങൾ തിരിച്ചറിയൽ, ചതുരം ,സമചതുരം എന്നിവ അളന്ന് പ്രത്യേകതകൾ മനസ്സിലാക്കി നിഗമന രൂപീകരണം<br><br>⭐ വർണ്ണക്കടലാസുകൾ കൊണ്ടുള്ള ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ക്ലാസ് അലങ്കരിക്കൽ<br><br>⭐ തീപ്പെട്ടിക്കമ്പ് ഉപയോഗിച്ച് ജാമിതീയ രൂപങ്ങൾ ഉണ്ടാക്കൽ | ജൂൺ | |

| | | | | |
|---|---|---|---|---|
| | | ⭐ ജ്യാമിതീയ പാറ്റേൺ തയ്യാറാക്കൽ<br>⭐ പേപ്പർ ക്യൂബ് നിർമിച്ച് വശങ്ങൾ തിരിച്ചറിയൽ<br>⭐ ശിൽപ്പശാല- ടാൻഗ്രാം ഉപയോഗിച്ച് വ്യത്യസ്ത രൂപങ്ങൾ നിർമ്മിക്കൽ | | |
| 4. | സംഖ്യായനം | ⭐ മൂന്നക്ക സംഖ്യകൾ ഉപയോഗിച്ച് 1000 രൂപീകരിക്കലും വ്യാഖ്യാനിക്കലും<br>⭐ നാലക്ക സംഖ്യ 1000 മുതൽ 9999 വരെയുള്ള സംഖ്യാബോധം<br><br>⭐ വിശാലമായ സ്കൂൾ ലൈബ്രറി പ്രദർശിപ്പിച്ച് കുട്ടികളെ 5 ഗ്രൂപ്പുകളായി തിരിച്ച് സംഖ്യാ റിബൺ , സംഖ്യാ കാർഡുകൾ എന്നിവ നൽകി പുസ്തകങ്ങൾക്ക് തുടർച്ചയായി നമ്പർ കൊടുക്കൽ, നാലക്ക സംഖ്യകൾ ഉപയോഗിച്ചുള്ള സമാനമായ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം | ജൂലായ് | |

| | | | | |
|---|---|---|---|---|
| 5. | Honesty shop | ⭐ കുട്ടികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങി ഹോണസ്റ്റി ഷോപ്പ് തയ്യാറാക്കൽ .. കുട്ടികൾ അവർക്ക് ആവശ്യമായ സാധനങ്ങൾ പൈസ കൊടുത്ത് ഹോണസ്റ്റി ഷോപ്പിൽ നിന്ന് വാങ്ങി കണക്ക സൂക്ഷിക്കൽ , പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം . | ജൂലായ് മുതൽ ഫെബ്രുവരി വരെ | |
| 6 | ഗണിതക്വിസ് | ⭐ ഗണിത ക്വിസ് വിജയിയെ കണ്ടെത്തി സബ്ജില്ലാതല മത്സരത്തിന് തയ്യാറെടുപ്പുകൾ ആരംഭിക്കൽ | ജൂൺ 24 | |
| 7 | ചതുഷ്ക്രിയകൾ | ⭐ ഡൈസുകൾ ,കളി നോട്ടുകൾ , സംഖ്യാ കാർഡുകൾ , മറ്റു പരിചിത സാധനങ്ങൾ എന്നിവ ഉപയോഗിച്ച് കളികളിലൂടെയും , പാട്ടുകളിലൂടെയും, ഗ്രൂപ്പ് വർക്കുകൾ നടത്തി ചതുഷ്ക്രിയകൾ ഉറപ്പിക്കൽ .ഗണിത വിജയം പ്രവർത്തനങ്ങളുടെ ഉപയോഗം .<br><br>⭐ മനഃക്കണക്ക് പരിശീലനം | വർഷം മുഴുവൻ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ (4-ാം ക്ലാസ്)
## മലയാളം.

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലാക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

എൽ.പി. അറബിക്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഉത്തരവാദിത്തം |
|---|---|---|---|
| * 1,2,3,4 ക്ലാസുകളിൽ വായന ഉറപ്പിക്കൽ. | അറബിക് പദങ്ങൾ നൽകി വായിപ്പിക്കൽ<br>അറബിക് വായനാകാർഡ് ഉപയോഗിക്കൽ<br>1,2 ക്ലാസുകൾക്ക് ചിത്രങ്ങളോട് കൂടിയുള്ള പദങ്ങൾ നൽകി വായിപ്പിക്കൽ. ദിവസേന പദങ്ങൾ പറഞ്ഞ് ആവർത്തിക്കൽ അക്ഷരങ്ങൾ ആവർത്തിച്ച് ഉറപ്പിക്കൽ | ജൂൺ – മാർച്ച് | ടീച്ചർ |
| * അറബിക് പദസമ്പത്ത് വർദ്ധിപ്പിക്കൽ | ക്ലാസുകളിൽ പൊതുവായി ഉപയോഗിക്കുന്ന പദങ്ങൾ അറബിയിൽ ഉപയോഗിക്കൽ, കുട്ടികൾക്ക് അറബിയിൽ ചോദിക്കാനും സംസാരിക്കാനുമുള്ള പ്രോത്സാഹനം നൽകൽ | ജൂൺ – മാർച്ച്. | |

| | | | |
|---|---|---|---|
| * അടിസ്ഥാന പദങ്ങൾ പഠിക്കൽ<br>كلمة التهجية<br><br>* 3, 4 ക്ലാസുകളിൽ ഉള്ളവർ, വായന ഉറപ്പിക്കൽ | ക്ലാസ്സുകളിൽ അടിസ്ഥാന പദങ്ങൾ ദിവസേന അറബിയിൽ വായിക്കുകയും, അവ ആവർത്തിക്കുകയും ചെയ്യൽ.<br><br>അറബിക് വായനാ കാർഡുകളും അറബിക് കഥാ പുസ്തകങ്ങളും ഉപയോഗിക്കൽ. | ജൂൺ<br>\|<br>മാർച്ച്.<br><br>ജൂൺ<br>\|<br>മാർച്ച്. | |